പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3770 17.10.2011- ലെ മറുപടി

യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. എം.എ. വാഹീദ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. കെ. അച്ചുതൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം യാത്രാക്ലേശം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 540 സർവ്വീസുകൾ പൊതുജനങ്ങൾക്ക് പ്രയോജന പ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തത്തക്ക രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര, ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസ്സുകൾ മാറ്റി പുതിയ സൂപ്പർ എക്സ്പ്രസ് എയർ ബസ്സുകൾ നൽകുകയുണ്ടായി. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേക്ക് യാത്ര ചെയ്യുന്നവരുടെയും അവിടെനിന്ന് വരുന്നവരുടെയും യാത്രാക്ലേശം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാർ രൂപം കൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരുന്നു. മൊബൈൽ ഫോണിലൂടെ എസ്.എം.എസ്. വഴി, ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ സമയം അറിയുവാൻ കഴിയുന്ന പദ്ധതിയായ എം-ഗവേണൺസിന് കെ.എസ്.ആർ.ടി.സി. പ്രാരംഭം കുറിച്ചു കഴിഞ്ഞു. സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ അപ്പർ ക്ലാസ് സർവ്വീസുകളുടേയും, പ്രധാനപ്പെട്ട ഓർഡിനറി ഫാസ്റ്റ് |

| | | | |
|---|---|---|---|
| | | | [illegible] 1,000 ബസ്സുകൾ വീതം നിരത്തിലിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി 500 ബസ് ചേസ്സിസ്സുകൾക്ക് ദർഘാസിലൂടെ നടപടികൾ പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതാണ്. ചേസ്സിസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബസ് ബോഡി നിർമ്മാണം നടത്തി പുറത്തിറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ അറ്റകുറ്റപണികൾക്കായി വിവിധ ഗ്യാരേജുകളിൽ പിടിച്ചിട്ടിരുന്ന ബസ്സുകൾ പണികൾ തീർത്ത് പരമാവധി ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുവാനും പുതിയ ബസ്സ് നിരത്തിലിറക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ കുറവുള്ള വിഭാഗങ്ങളിലെ ഒഴിവുകൾ സ്ഥിരനിയമനത്തിലൂടെ നികത്തുന്നതിനായി 31.03.2011 വരെയുള്ള ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ജീവനക്കാരെ ആവശ്യമായ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിച്ച് ജീവനക്കാരുടെ കുറവ് പരിഹരിച്ചിട്ടുണ്ട്.<br><br>പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി 500 ബസ് ചേസ്സിസ്സുകൾക്ക് ദർഘാസിലൂടെ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതാണ്. ചേസ്സിസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബസ് ബോഡി നിർമ്മാണം നടത്തി പുറത്തിറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം സെൻട്രൽ വർക്സ് ഉൾപ്പെടെയുള്ള 5 വർക്ക്ഷോപ്പുകൾ ബസ് ബോഡി നിർമ്മാണം പുനരാരംഭിക്കുന്നതിന് സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. |
| (സി) | പുതിയ ബസ്സുകളുടെ ചേസിസ് എങ്ങനെയാണ് വാങ്ങാനുദ്ദേശിക്കുന്നത് ? | (സി) | സുതാര്യമായ നടപടി ക്രമങ്ങളിലൂടെ തുറന്ന ദർഘാസ് മുഖാന്തിരമാണ് ബസ് ചേസ്സിസ്സുകൾ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ